(ബി) ഉണ്ട്.

(സി) അഞ്ച് വർഷത്തിനു മുമ്പ് എൻ.സി.വി.ടി. അഫിലിയേഷൻ ലഭിച്ചിട്ടുള്ള ഐ.ടി.ഐ. കളിൽ എൻ.സി.വി.ടി. പരിശോധന നടത്തുന്നതായും ആയതിന് സ്ഥാപനമേധാവികൾ 2015 മാർച്ചിനു മുമ്പായി അപേക്ഷ സമർപ്പിക്കണമെന്നത് സംബന്ധിച്ചും അറിവ് ലഭിച്ചിട്ടുണ്ട്.

(ഡി) വകുപ്പിന്റെ ഐ.ടി.ഐ. കളുടെ എൻ.സി.വി.ടി. മാനദണ്ഡമനുസരിച്ചുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണം

251 (4537) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുന്നതിന് പട്ടികജാതി വകുപ്പ് എത്ര തുകയാണ് നീക്കിവെച്ചത്;

(ബി) ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ലക്ഷ്യമിട്ട വീടുകൾ എത്രയായിരുന്നുവെന്നും ഇതിൽ ഓരോ വർഷവും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വർഷങ്ങളിൽ എത്ര തുകയാണ് നീക്കിവെച്ചതെന്നും ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷം വകുപ്പിൽനിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി 120 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 വർഷത്തെ ഭവനനിർമ്മാണത്തിനായി നാളിതുവരെ 5605 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2007-08 മുതൽ 2014-15 വർഷം വരെ അനുവദിച്ചതിൽ സ്പിൽഓവറായി അവശേഷിച്ച 1925 വീടുകൾ 10-12-2014 വരെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

ജില്ല		പൂർത്തിയായ വീടുകളുടെ എണ്ണം
തിരുവനന്തപുരം	-	372
കൊല്ലം	-	157
പത്തനംതിട്ട	-	79
ആലപ്പുഴ	-	111
കോട്ടയം	-	68
ഇടുക്കി	-	85
എറണാകുളം	-	186
തൃശ്ശൂർ	-	247
പാലക്കാട്	-	229
മലപ്പുറം	-	221
കോഴിക്കോട്	-	88
വയനാട്	-	8
കണ്ണൂർ	-	63
കാസർഗോഡ്	-	11
ആകെ		1925

LIBRARY ARCHIVES Kerala Legislative Assembly

(സി)

വർഷം	അനുവദിച്ച വീടുകൾ	30-11-2014-ൽ നിർമ്മാണം പൂർത്തിയായ വീടുകൾ	30-11-2014-ൽ നിർമ്മാണം പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾ
2011-12	3500	2582	918
2012-13	5000	3408	1592
2013-14	6400	1327	5073

7583 വീടുകൾ ഇനിയും പൂർത്തീകരിക്കുവാനുണ്ട്.

(ഡി)

വർഷം	നീക്കിവച്ചതുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	9000	8986.01
2012-13	10000	9999.85
2013-14	9500	8484.75

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി

252(4538) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണത്തിനായി, ഐ.എ.വൈ. പദ്ധതി പ്രകാരം 2 ലക്ഷം രൂപ നൽകുമ്പോൾ, പട്ടികജാതി വകുപ്പ് ഇതിനായി 3 ലക്ഷം രൂപയാണ് നല്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ഐ.എ.വൈ. പദ്ധതിയിൽ പട്ടിക ജാതി ഗുണഭോക്താക്കൾ കുറയുകയും പട്ടിക ജാതി വകുപ്പിലേക്കുള്ള അപേക്ഷ കൂടുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly